പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5381 26.03.2018 ൽ മറുപടിയ്ക്ക്

## ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരികെ എടുക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ; | (എ) ബഹു.കേരള ഹൈക്കോടതിയുടെ 28/02/2013 ലെ ഡബ്ല്യു.പി.സി.14251/2012 & 213/2013 നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ 25.4.2013 ലെ GO(MS)-161/2013/RD നമ്പർ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റു കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, M/s മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 72827.67 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന ടി 4 ജില്ലകളിലെ 30,019.95 ഏക്കർ ഭൂമിയും മറ്റു കമ്പനികളും, കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു.<br>പ്രസ്തുത 38,170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച 18 നടപടിക്രമങ്ങളിൽ എച്ച്.എം.എൽ കമ്പനിയും, മറ്റു കക്ഷികളും ഫയൽ ചെയ്ത ഡബ്ല്യു.പി.സി.33122/2014, 5510/2015, 10320/2015 തുടങ്ങിയ വിവിധ റിട്ട് ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25/11/2015 ൽ 'റഫറൻസ് ഓർഡർ' പുറപ്പെടുവിക്കുകയുണ്ടായി. മാത്രമല്ല ടി ഭൂമികളിൽ തൽസ്ഥിതി ഉത്തരവ് തുടരാൻ |

| | | |
|---|---|---|
| | | ബഹു: ഹൈക്കോടതി നിർദ്ദേശവും ഉണ്ടായിരുന്നു. റഫറൻസ് ഉത്തരവിൽ സ്പെഷ്യൽ ഓഫീസറുടെ കണ്ടെത്തലുകളിൽ അനുകൂലമായ നിരീക്ഷണം നടത്തിയ ബഹു: ഹൈക്കോടതി ടി കേസ്സുകൾ കൂടുതൽ കേൾക്കുന്നതിനായി രണ്ടംഗങ്ങൾ അടങ്ങുന്ന ഡിവിഷൻ ബഞ്ചിലേക്ക് റഫർ ചെയ്തിരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഹാരിസൺ കമ്പനിയുടെ ഭൂമികളിൻമേൽ ബഹു:ഹൈക്കോടതിയുടെ തൽസ്ഥിതി ഉത്തരവ് നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന ഇത്തരം കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിനായി സ്പെഷ്യൽ ഓഫീസിലെ കേസ്സുകൾക്ക് വേണ്ടി മാത്രമായി ഒരു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെ ഈ സർക്കാർ നിയോഗിച്ചിരുന്നു. ഇതിന് പുറമേ, റഫർ ചെയ്ത കേസ്സുകളിൽ 2018 ജനുവരി 31 ന് ആരംഭിച്ച അന്തിമ ഹിയറിംഗിൽ സർക്കാർ ഭാഗം ഫലപ്രദമായി വാദിക്കുന്നതിന് സുപ്രീം കോടതിയിൽ നിന്നും ഒരു മുതിർന്ന അഭിഭാഷകനേയും നിയോഗിച്ചിരുന്നു. റഫർ ചെയ്ത കേസ്സുകളിൽ ഹിയറിംഗ് പൂർത്തിയായിട്ടുണ്ടെങ്കിലും വിധി പ്രസ്താവിച്ചിട്ടില്ല. ടി കേസ്സുകളിലെ അന്തിമ വിധി വന്നതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | വൻകിട കമ്പനിയെ സർക്കാർ വഴിവിട്ട് സഹായിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എം.ജി. രാജമാണിക്യം റിപ്പോർട്ട് ലഭിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് എന്തുകൊണ്ടാണ് ഇത്ര കാലതാമസം വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കേരള ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ബിൽ 2017- കരട് തയ്യാറാക്കി നിയമ വകുപ്പിന് നൽകുകയും തുടർന്ന് ടി ബില്ലിൻമേൽ നിയമോപദേശം ലഭ്യമാക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിനു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ